പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ. 2497 — 13.02.2013- ൽ മറുപടിയ്ക്ക്

## ദിനേശ് ബീഡി തൊഴിലാളികളുടെ ആശ്വാസ പെൻഷൻ

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. സി. കൃഷ്ണൻ | | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) | ദിനേശ് ബീഡി തൊഴിലാളികളുടെ ആശ്വാസ പെൻഷൻ പദ്ധതി പ്രകാരം ഏത് മാസം വരെ പെൻഷൻ വിതരണം കുടിശ്ശിക യുണ്ടെന്ന് വിശദമാക്കുമോ; | (എ) | ദിനേശ് ബീഡി തൊഴിലാളികളുടെ ആശ്വാസ പെൻഷൻ പദ്ധതി പ്രകാരം 2012 ഫെബ്രുവരി മുതൽ 2013 ഫെബ്രുവരി മാസം വരെയുള്ള 13 മാസത്തെ പെൻഷൻ വിതരണം കുടിശ്ശിക ആയിട്ടുണ്ട്. |
| (ബി) | ആശ്വാസ പെൻഷൻ പദ്ധതി പ്രകാരം കുടിശ്ശിക പെൻഷൻ വിതരണം ചെയ്യുന്ന തിനുള്ള കാലതാമസം വന്നതിന്റെ കാരണം വിശദമാക്കുമോ; | (ബി) & (സി) | ആശ്വാസ പെൻഷൻ പദ്ധതി പ്രകാരം പെൻഷൻ വിതരണത്തിനായി അനുവദിച്ച 5 കോടി രൂപ പൂർണ്ണമായും കേരള ദിനേശ് ബീഡി സഹകരണ സംഘം വിനിയോഗിച്ചു കഴിഞ്ഞു. നിലവിൽ ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് കുടിശ്ശിക പെൻഷൻ വിതരണം ചെയ്യുന്നതിന് കാലതാമസം ഉണ്ടായി രിക്കുന്നത്. കുടിശ്ശിക പെൻഷൻ വിതരണം ചെയ്യുന്നതിന് വേണ്ട തുക അനുവദിക്കുന്ന തിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | തടസ്സം നീക്കം ചെയ്ത് തൊഴിലാളികൾക്കുള്ള പെൻഷൻ എപ്പോൾ ലഭിക്കുമെന്ന് അറിയിക്കുമോ ? | | |

സെക്ഷൻ ഓഫീസർ